# അഴുത ബ്ലോക്ക് പഞ്ചായത്ത്

# ബഡ്ജറ്റ് 2024-25



# അഴുത ബ്ലോക്ക് പഞ്ചായത്ത്
## ഭരണസമിതി



**പി. മാലതി**
പ്രസിഡന്റ്



**ആർ. ശെൽവത്തായ്**
വൈസ് പ്രസിഡന്റ്



**സബിത ആന്റണി**
ചെയർപേഴ്സൺ,
വികസന കാര്യം



**ലിസമ്മ ജെയിംസ്**
ചെയർപേഴ്സൺ,
ക്ഷേമകാര്യം



**സ്മിതമോൾ**
ചെയർപേഴ്സൺ
ആരോഗ്യം, വിദ്യാഭ്യാസം



**അഫിൻ ആൽബർട്ട്**
മെമ്പർ



**അനസ്കുമാർ**
മെമ്പർ



**സജിനി ജയകുമാർ**
മെമ്പർ



**കെ. ആർ. വിജയൻ**
മെമ്പർ



**പി.എം. നൗഷാദ്**
മെമ്പർ



**ഷാജി പൈനാടത്ത്**
മെമ്പർ



**ശ്രുതി പ്രദീപ്**
മെമ്പർ



**ഒ. വി. ജോസഫ്**
മെമ്പർ



വെള്ളയ്യൻ. ആർ
**സെക്രട്ടറി**



ബഹുമാന്യരെ..

കേരളത്തിൽ അധികാരവികേന്ദ്രീകരണ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനം കാൽ നൂറ്റാണ്ട് പിന്നിട്ട ഘട്ടത്തിലാണ് 14-ാം പഞ്ചവത്സര പദ്ധതിയിലേയ്ക്കും, വാർഷികത്തിലേയ്ക്കും നാം എത്തിയിട്ടുള്ളത്. ജനകീയാസൂത്രണ പദ്ധതിയിലൂടെ നാം നേടിയ അനുഭവസമ്പത്ത് 14-ാം പഞ്ചവത്സര പദ്ധതിയിലൂടെയും അതിന്റെ ഭാഗമായി വാർഷിക പദ്ധതികളുടെയും ആസൂത്രണ നിർവ്വഹണ രംഗത്ത് കൂടുതൽ കരുത്ത് പകരുന്നു.

14-ാം പഞ്ചവത്സര പദ്ധതിയിലൂടെ കേരള സർക്കാർ ലക്ഷ്യമിടുന്ന സുസ്ഥിരസാമ്പത്തിക വികസനം നേടിയെടുക്കാൻ വിജ്ഞാന സമൂഹത്തെ സൃഷ്ടിക്കാനും, ആ വിജ്ഞാനത്തോട് ശാസ്ത്രസാങ്കേതിക വിദ്യ ഉൾച്ചേർത്തുകൊണ്ടുള്ള നൂതനപദ്ധതികൾ എല്ലാ മേഖലയിലും ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

പുതിയകാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും കഴിയണം. ഭൂമിശാസ്ത്ര പരമായി പഴമകൊണ്ടും പ്രകൃതിരമണീയതയാലും പ്രശസ്തമായ അഴുത ബ്ലോക്ക് പഞ്ചായത്തിൽ കേരളസർക്കാർ ആവിഷ്ക്കരിക്കുന്ന പുതിയ ടൂറിസം നയം പരമാവധി പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലെ 6 ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാരുടെയും അംഗങ്ങളുടെയും, 4 ജില്ലാപഞ്ചായത്തംഗങ്ങളുടെയും നിസ്സീമമായ സഹകരണവും പിന്തുണയും ഉണ്ടാകണമെന്നും അതുപോലെ നമ്മുടെ മേഖലയിലെ എം.പി, എം.എൽ.എ എന്നിവരുടെ സഹായ സഹകരണമുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്ത് എന്ന ഖ്യാതിയിലേയ്ക്ക് ഉയരുന്നതിന് ഉപോദ്ബലമാകുന്ന 2024-25 സമ്പത്തിക വർഷത്തെ ബജറ്റിന് ആശംസകൾ നേരുന്നു........

**മാലതി. പി**

**പ്രസിഡന്റ്**

**അഴുത ബ്ലോക്ക് പഞ്ചായത്ത്**

# ബഡ്ജറ്റ് അവതരണം 2024 – 2025

ിയപ്പെട്ടവരെ,

അഴുത ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ നാലാമത്തെ ബഡ്ജറ്റ് ആണ് ഇവിടെ അവതരിപ്പിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ സമസ്ത മേഖലകളിലും കൃത്യമായ ഇടപെടലുകൾ നടത്തി വർത്തമാന കാലത്തിന്റെ സാഹചര്യങ്ങളെയും സാധ്യതകളെയും പരമാവധി പ്രയോജനപ്പെടുത്തി നൂതനമായ പദ്ധതികളിലൂടെ ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളെയും ഏകോപിപ്പിച്ചുകൊണ്ട് നാടിന്റെ കാര്യക്ഷമമായ വികസനത്തിന് ആക്കം കൂട്ടുന്നതാണ് ഈ ബഡ്ജറ്റ്.

കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടായ ദുരന്തങ്ങളും പ്രതിസന്ധികളും നേരിട്ട് അനുഭവിച്ച നമ്മൾ അതിജീവനത്തിന്റെ പുതിയ പോരാട്ടത്തിലാണ്. കേരള സർക്കാരിനൊപ്പം നവകേരള സൃഷ്ടിക്കായി നമുക്ക് ഒരുമിച്ച് പ്രയത്നിക്കാം. ദുരന്തങ്ങളുടെ ആഘാതം മുന്നിൽ കണ്ട് ഫലപ്രദമായ ദുരന്ത നിവാരണ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുമുണ്ട്.

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കനുസൃതമായി തയ്യാറാക്കിയിട്ടുള്ള ഈ ബഡ്ജറ്റിൽ വിവിധ വികസന പദ്ധതികൾക്കായി അഴുത ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുള്ളതും, 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന പദ്ധതി വിഹിതവും പ്രത്യേക പദ്ധതികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും പ്രതീക്ഷിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാനദണ്ഡങ്ങൾക്കും, മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും, പരാമാവധി എണ്ണം അർഹരായവർക്ക് ഗുണഫലം ലഭ്യമാക്കുകയുമാണ് ഈ ബഡ്ജറ്റിന്റെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം അറുപതു കോടി അൻപത്തിനാലു ലക്ഷത്തി അറുപത്തയ്യായിരത്തി തൊണ്ണൂറ്റിയേഴ് രൂപ വരവും അറുപതികോടി ഇരുപത്തി രണ്ടു ലക്ഷത്തി ഏഴായിരത്തി അറുന്നൂറു രൂപ ചെലവും മുപ്പത്തി രണ്ട് ലക്ഷത്തി അൻപത്തിയേഴായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മിച്ചവും പ്രതീക്ഷിക്കുന്നതാണ് ഈ ബഡ്ജറ്റ്.

സമഗ്രവികസനം ലക്ഷ്യമിട്ട് ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളെ ഒരുമിപ്പിച്ച് സംയോജന സാധ്യതകൾ കണ്ടെത്തി അതിലൂടെ പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. സുസ്ഥിര വികസനത്തിന് ഇത്തരം സംയോജിത പദ്ധതികളിലൂടെ മാത്രമേ വികസനം കൈവരിക്കാൻ സാധിക്കുകയുള്ളൂ. അതിനായി ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയും, ജില്ലാ/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളേയും ഉൾപ്പെടുത്തി ആശയരൂപീകരണം സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾക്ക് അനുസൃതമായി പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിന് 2024 – 25 വർഷത്തെ ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പ്രതേക ശ്രദ്ധ പതിയേണ്ടതും അവിടങ്ങളിൽ സഹായമെത്തേണ്ടതുമായിട്ടുണ്ട്. അത്തരം മേഖലകളുടെ വികസനം കൂടി മുന്നിൽ കണ്ടുകൊണ്ടാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

## ആസ്പിറേഷണൽ ബ്ലോക്ക് പ്രോഗ്രാം

കേന്ദ്ര സർക്കാർ രാജ്യത്ത് സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ബ്ലോക്കുകളെ കണ്ടെത്തി, വിവിധ മേഖലകളിൽ ആവശ്യമായ സഹായങ്ങളിലൂടെ ഉന്നതിയിലേക്ക് കൊണ്ടുവരുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. ഇടുക്കി ജില്ലയിൽ ഈ പദ്ധതി അനുവദിച്ച രണ്ടു ബ്ലോക്കുകളിൽ ഒന്ന് അഴുത ബ്ലോക്കാണ്. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, അടിസ്ഥാന സൌകര്യങ്ങൾ, സാമൂഹ്യ വികസനം എന്നീ മേഖലകളുടെ വികസനത്തിന് ഈ പദ്ധതി ഊന്നൽ നൽകുന്നു. പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി പരമാവധി 15 കോടി രൂപ വരെ അനുവദിച്ചേക്കാം.

## കാർഷിക മേഖല

കാർഷിക ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കാർഷിക മേഖലയിലും മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ നിർമ്മാണത്തിലും സംരംഭകത്വം പ്രോത്സാഹിപ്പിച്ച് തൊഴിൽ അവസരവും ഉപജീവനതയും ഉറപ്പ് വരുത്തുക എന്നീ ലക്ഷ്യത്തോടെയുള്ള പദ്ധതികൾക്കാണ് അഴുത ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ ഊന്നൽ നൽകിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലെയും മുഴുവൻ തരിശ് ഭൂമിയിലും കൃഷി ചെയ്യുന്നതിനും കാർഷിക മേഖലയിൽ തൊഴിൽ അവസരവും, കാർഷിക ഉല്പ്പാദനവും വർദ്ധിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും. ക്ഷീര കർഷകരെ സഹായിക്കുന്നതിലേയ്ക്കായി കന്നുകാലി വളർത്തലിന്റെ ഉപോത്പ്പന്നങ്ങൾ കാർഷിക കൃഷിയിടങ്ങളിലേയ്ക്ക് നൽകുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

കാർഷിക മേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നൂതന പ്രോജക്ടായി സുഫലം പദ്ധതി അഴുത ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്നു. പോഷക മൂല്യമുള്ളതും വാണിജ്യ, വ്യാവസായിക മൂല്യമുള്ളതുമായ എല്ലാ കാർഷിക വിളകളും ഉല്പ്പാദിപ്പിക്കാനും വിപണനം നടത്തുന്നതിനുള്ള പ്രോജക്ടിനുള്ള സബ്സിഡി ആയി പദ്ധതി നടപ്പിലാക്കുന്നു. ഉല്പ്പന്നങ്ങൾ കൃഷി വകുപ്പിന്റെ തന്നെ എക്കോഷോപ്പ് മുഖേന വിപണനം നടത്താനും സാധിക്കുന്നു. ടി പദ്ധതിയ്ക്കായി പത്ത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാലാവസ്ഥ വ്യതിയാനംമൂലം അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

മുൻ വർഷങ്ങളിൽ സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കിയ ഹരിത പദ്ധതി കൂടുതൽ മെച്ചപ്പെടുത്തി ഈ വർഷവും നടപ്പിലാക്കും. അംഗനവാടികളിൽ സ്ഥല ലഭ്യത അനുസരിച്ച് പച്ചക്കറി കൃഷി നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും. കാർഷിക വികസനത്തിന്റെ ഭാഗമായി കുടുംബശ്രീ, എസ് എച്ച് ജി ഗ്രൂപ്പുകളെ ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കും. ഗുണമേന്മയുള്ള ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

ബ്ലോക്ക് പരിധിയിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന കന്നുകാലികളെ കെട്ടിയിട്ട് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കും.

## ആരോഗ്യ മേഖല

ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. ആശുപത്രികളിൽ അധിക ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ആശുപത്രികൾക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതാണ്.

ആശുപത്രികൾക്കാവശ്യമായ സുരക്ഷാ സൌകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങളും ചുറ്റുമതിലും നിർമ്മിച്ച് നൽകും.

## കൂട്- കുട്ടികൾക്ക് ഒരു സുരക്ഷിത ഇടം

സംസ്ഥാനത്തെ തന്നെ മാതൃകയായ നൂതന പദ്ധതിയായിരുന്നു 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ "കൂട് – കുട്ടികൾക്ക് ഒരു സുരക്ഷിത ഇടം". ബ്ലോക്ക് പഞ്ചായത്തിന്റെ ഫലപ്രദമായ ഇടപെടൽ നിമിത്തം വൻ വിജയമാക്കിത്തീർക്കാൻ സാധിച്ചു. . അഴുത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ലയങ്ങളിലെ ബാല്യ കൌമാരക്കാർ നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തി ആയത് പരിഹരിക്കുന്നതിനായി 5 മുതൽ 18 വയസ്സു വരെ പ്രായമുള്ള കുട്ടികളുടെ പകൽ സമയ സംരക്ഷണം ഉറപ്പാക്കി കൂട് കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചു. മാതാപിതാക്കൾ/രക്ഷിതാക്കൾ തോട്ടങ്ങളിൽ ജോലിക്കു പോകുന്ന സമയത്തും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നതുമായ സാഹചര്യങ്ങളിലും മലയോര തോട്ടം മേഖലകളിലെ അരക്ഷിത സാഹചര്യങ്ങളിൽ അകപ്പെടുന്ന കുട്ടികളെ സുരക്ഷിതവും ക്രിയാത്മകവുമാക്കിത്തീർക്കുക, പ്രദേശത്തെ ബാല്യ കൌമാര പ്രായക്കാർ നേരിടുന്ന പ്രതിസന്ധികൾക്കും ചൂഷണങ്ങൾക്കും പ്രായോഗിക പരിഹാരം കണ്ട് കുട്ടികളെ സുരക്ഷിത ഭാവിയിലേക്ക് നയിക്കുക എന്ന വലിയ ലക്ഷ്യം മുന്നിൽ കണ്ട പദ്ധതിയായിരുന്നു "കൂട് – കുട്ടികൾക്ക് ഒരു സുരക്ഷിത ഇടം"

ഈ ബഡ്ജറ്റിലും ആവശ്യമായ തുക വകയിരുത്തിക്കൊണ്ട് ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി ആവിഷ്കരിക്കും.

## തണൽ

കിടപ്പുരോഗികൾക്കായി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ക്രിയാത്മകമായി ആവിഷ്കരിക്കും. എല്ലാ പഞ്ചായത്തുകളിലും പാലിയേറ്റീവ് കെയർ പ്രവർത്തനം നടത്തുന്നതിനായി ഒരോ സന്നദ്ധ പ്രവർത്തകരെ നിയോഗിച്ച് ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കും.

## യുവജന ക്ഷേമം

യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും അതുമൂലമുണ്ടാകുന്ന സാമൂഹ്യ വിപത്തുകളും ആശങ്കപ്പെടുത്തുംവിധം സമൂഹത്തിൽ കൂടിവരികയാണ്. ആയതിൽ യുവജനങ്ങൾക്ക് ക്രിയാത്മകമായ ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കും. യുവജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും മാനസിക ശാരീരിക ആരോഗ്യത്തിനായി യോഗ പരിശീലനം ആരംഭിക്കും.

കലാ കായിക രംഗത്ത് യുവതീ യുവാക്കളുടെ ഉന്നമനം മുന്നിൽകണ്ട് അവർക്കാവശ്യമായ കലാ കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. യുവജനങ്ങൾക്കും മറ്റു ജന വിഭാഗങ്ങൾക്കും മാനസിക ശാരീരിക ആരോഗ്യ സംരക്ഷണത്തിന് ബ്ലോക്ക് തലത്തിൽ കലാ കായിക മേളകളും മത്സരങ്ങളും സംഘടിപ്പിക്കും. സ്കൂളുകളിൽ കലാകായിക പരിശീലനത്തിനായി പ്രഗത്ഭരായ പരിശീലകരെ നിയോഗിക്കും.

യുവതീ യുവാക്കളെ സ്വയംതൊഴിൽ കണ്ടെത്തി സജ്ജരാക്കുന്നതിന് നൂതന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യും. അത്തരത്തിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് പുതു സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകും.

## കുടിവെള്ളവും ശുചിത്വവും മാലിന്യ സംസ്കരണവും

കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് അടിസ്ഥാന സൌകര്യ വികസന പ്രവർത്തനങ്ങളും, കുടിവെള്ള ശുചിത്വ പദ്ധതികളും നടപ്പിലാക്കും. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

അഴുത ബ്ലോക്കിനെ സമ്പൂർണ്ണ ശുചിത്വ ബ്ലോക്കാക്കി മാറ്റുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കും . ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ജൈവ അജൈവ മാലിന്യ സംസ്കരണത്തിനായി സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## പശ്ചാത്തല സൌകര്യ വികസനങ്ങൾ

അഴുത ബ്ലോക്ക് പഞ്ചായത്തിലെ യാത്രാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള റോഡുകൾ കോൺക്രീറ്റ്/ ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കും. തോട്ടം മേഖലയിലെ യാത്രാ സൌകര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കും.

കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിൽ സുപ്രധാന സ്ഥാനമാണ് അഴുത ബ്ലോക്കിനുള്ളത്. വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന നിരവധി പ്രദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുണ്ട്. അത്തരം പ്രദേശങ്ങളുടെ പശ്ചാത്തല സൌകര്യ വികസനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഏറെ പ്രാധാന്യം നൽകുന്നു. കേരള സർക്കാരിന്റെ പുത്തൻ ടൂറിസം നയം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളുടെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതാണ്.

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MGNREGA)

ദരിദ്ര ജനവിഭാഗങ്ങക്ക് നിശ്ചിത വരുമാനം ഉറപ്പ് വരുത്തുന്ന രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദാന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 200 ഉം മറ്റുള്ളവർക്ക് 100 ഉം തൊഴിൽ ദിനങ്ങൾ ഉറപ്പ് നൽകുന്നു. ടി പദ്ധതിവഴി നടപ്പാതകൾ, റോഡുകൾ എന്നിവയ്ക്ക് വരുന്ന വർഷം 35000000/- രൂപ വകയിരുത്തിയിട്ടുണ്ട്. കന്നുകാലി തൊഴുത്തുകൾ, ആട്ടിൻകൂട്, ഫാംപോണ്ട്, കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ്, ഫലവൃക്ഷത്തൈ നഴ്സറി, കായികശേഷിയുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവാരമുള്ള കളിസ്ഥലങ്ങൾ, അങ്കണവാടികൾ, സ്കൂൾ ചുറ്റുമതിൽ, ചെക്ക് ഡാമുകൾ തുടങ്ങിയവ 2024 – 2025 വർഷത്തേക്കുള്ള നൂതന കാഴ്ചപ്പാടുകളാണ്.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾക്കും 2024 -25 വർഷം പ്രാമുഖ്യം നൽകുന്നു.

വ്യക്തിഗത സാമൂഹ്യ ഗ്രൂപ്പ് ആസ്തികൾ നൽകുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുക്കുന്നു. ഇതിലൂടെ കുടുംബ ജീവിത നിലവാരം ഉയർത്തുന്നതിന് സാധിക്കും.

| ക്രമ നമ്പർ | പ്രവൃത്തികൾ | എണ്ണം | തുക |
|---|---|---|---|
| 1 | പശുത്തൊഴുത്ത് | 101 | 9070000 |
| 2 | ആട്ടിൻകൂട് | 106 | 8600000 |
| 3 | കോഴിക്കൂട് | 447 | 9670000 |
| 4 | കിണർ റീചാർജ്ജ് | 56 | 5350000 |

| | | | |
|---|---|---|---|
| 5 | ഫാംപോണ്ട് | 66 | 682000 |
| 6 | അസോള ടാങ്ക് | 86 | 6800000 |
| 7 | കമ്പോസ്റ്റ് പിറ്റ് | 356 | 10532366 |
| 8 | സോക്ക് പിറ്റ് | 143 | 5345000 |
| 9 | എം സി.എഫ് | 114 | 1900000 |

അഴുത ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 6 ഗ്രാമപഞ്ചായത്തുകളിലായി എം ജി എൻ ആർ ഇ ജി എ പദ്ധതിയിൽ 43558 ജനറൽ കുടുംബങ്ങളും, 12997 പട്ടികജാതി കുടുംബങ്ങളും, 2353 പട്ടികവർഗ്ഗ കുടുംബങ്ങളും, 4 ഭിന്നശേഷി കുടുംബങ്ങളും രജിസ്റ്റർ ചെയ്യിട്ടുണ്ട്.

2023 -24 ൽ ടി പദ്ധതി വഴി 6 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ ആകെ തൊഴിൽദിനങ്ങൾ

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ആകെ തൊഴിൽ ദിനങ്ങൾ | പദ്ധതി ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഏലപ്പാറ | 85581 | 332.02 |
| 2 | കൊക്കയാർ | 76255 | 287.73 |
| 3 | കുമളി | 64867 | 255.93 |
| 4 | പീരുമേട് | 79690 | 324.44 |
| 5 | പെരുവന്താനം | 77332 | 294.16 |
| 6 | വണ്ടിപ്പെരിയാർ | 98355 | 410.6 |
| ആകെ | | 482080 | 1904.88 |

2024 – 2025 സാമ്പത്തിക വർഷം എം ജി എൻ ആർ ഇ ജി എ പദ്ധതി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 363778191/ രൂപ വകയിരുത്തി.

## ലൈഫ്/ പി.എം.എ.വൈ ഭവനപദ്ധതി

2024-2025 സാമ്പത്തിക വർഷം പി.എം.എ.വൈ പദ്ധതിയിൽ 6 ഗ്രാമപഞ്ചായത്തുകളിലായി 62 വീടുകളാണ് പൂർത്തീകരിക്കാനുള്ളത്. 2024 2025 വർഷത്തിൽ പി.എം.എ.വൈ പദ്ധതിയിൽ ടാർജറ്റ് ലഭ്യമായിട്ടില്ല. പി.എം.എ.വൈ പദ്ധതിയിലേക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 73,92,000/- രൂപയും, ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലേക്കായി 1,00,04,000/- രൂപയും ഉൾപ്പെടെ 1,73,96,000/-രൂപ ബഡ്ജറ്റിൽ വകയിരിത്തിയിരിക്കുന്നു

ബഹുമാന്യരെ,

കേരള സർക്കാരിന്റെ വികസന കാഴ്ചപ്പാടിന് ഒപ്പം നിന്നുകൊണ്ട് സമസ്ത മേഖലയിലേയും വികസനമാണ് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. നാടിന്റെ വികസനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് പ്രമുഖമായ സ്ഥാനമാണുള്ളത്. ആയതിലേക്കുള്ള ആദ്യ ചുവടുവയ്പ്പാണ് ഓരോ ബഡ്ജറ്റും. "കൂട് – കുട്ടികൾക്ക് ഒരു സുരക്ഷിത ഇടം"പോലുള്ള ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ കേരളത്തിന് തന്നെ അഭിമാനവും മാതൃകയുമാണ്. ബ്ലോക്ക് പഞ്ചായത്തിലെ തോട്ടംമേഖലയിലെ ജനങ്ങളുടെ അടിസ്ഥാന വികസനത്തിന് ബഡ്ജറ്റ് ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി കേരള സർക്കാർ ആവിഷ്കരിച്ച ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ഹരിതകേരളം എന്നീ 4 മിഷനുകൾക്കൊപ്പം നിന്നുകൊണ്ട് സമഗ്രമായ വികസന ഊന്നൽ നൽകിക്കൊണ്ടാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മികച്ച പദ്ധതി ആസൂത്രണത്തിലൂടെയും അതിന്റെ വിജയകരമായ നടത്തിപ്പിലൂടെയും സംസ്ഥാനത്തെ തന്നെ മികച്ച ബ്ലോക്കായി അഴുത ബ്ലോക്ക് പഞ്ചായത്തിനെ മാറ്റുന്നതിന് ഈ ബഡ്ജറ്റിലുടെ സാധിക്കുമെന്ന പ്രത്യാശയോടെ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗങ്ങളുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

**ആർ. ശെൽവത്തായ്**
**വൈസ് പ്രസിഡന്റ്**
**അഴുത ബ്ലോക്ക് പഞ്ചായത്ത്**

# ബജറ്റ് 2024-2025

## വിഭവ സമാഹരണം

പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ സംസ്ഥാന സർക്കാരുകളിൽ നിന്നും ബജറ്റ് വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ

### നോൺ പ്ലാൻ വരവുകൾ

| | | |
|---|---|---|
| 1. | ജനറൽ പർപ്പസ് ഗ്രാന്റ് (മുൻബാക്കി ഉൾപ്പെടെ) | 14651097 |
| 2. | ടെണ്ടർ ഫോറം വിൽപ്പന | 170000 |
| 3. | വാടക ( മുൻ കുടിശ്ശിക ഉൾപ്പെടെ) | 800000 |
| 4. | ബാങ്ക് പലിശ വരവ് | 700000 |
| 5. | ഗുണഭോക്തൃ വിഹിതം | 15000 |
| 6. | സെക്യൂരിറ്റി നിക്ഷേപങ്ങൾ | 100000 |
| 7. | മറ്റ് ലേല വിറ്റ് വരവുകൾ | 15000 |
| 8 | പെനാൽറ്റി ഫീ | 86000 |
| ആകെ | | 16537097 |

| | | |
|---|---|---|
| | **പ്ലാൻ വരവുകൾ** | |
| | പദ്ധതി വിഹിതം : - | |
| 1. | ജനറൽ – | 47961000 |
| 2. | എസ്. സി. പി – | 36348000 |
| 3. | റ്റി. എസ്. പി – | 2671000 |
| 4. | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അടിസ്ഥാന വിഹിതം) | 8408000 |
| 5. | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(പ്രത്യേക ഉദ്ദേശ ഗ്രാന്റ്) | 12612000 |
| | ആകെ | 108000000 |
| 5. | മെയിന്റനൻസ് ഗ്രാന്റ് | 16950000 |
| | **സംസ്ഥാനാവിഷ്കൃത പദ്ധതികൾ** | |
| 1. | സമ്പൂർണ്ണ ശുചിത്വ പദ്ധതി /സ്വച്ഛ്ഭാരത് മിഷൻ | 2500000 |
| 2. | എം.പി, എം.എൽ.എ എസ് ഡി എഫ് | 40000000 |
| 3. | കേരളോത്സവം - യുവജന ക്ഷേമ ബോർഡ് | 100000 |
| 4 | നബാർഡ് - ആർ.ഐ.ഡി.എഫ് | 0 |
| | സംസ്ഥാനാവിഷ്കൃത പദ്ധതികൾ ആകെ | 42600000 |

| | | |
|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | |
| 1 | എം. ജി. എൻ. ആർ. ഇ. ജി. എസ് | 363778000 |
| 2. | പി. എം. എ. വൈ കേന്ദ്രവിഹിതം | 24000000 |
| 3. | രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 0 |
| 4. | പി. എം. കെ. എസ്. വൈ പദ്ധതികൾ | 0 |
| ആകെ | | 387778000 |
| മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | | |
| 1. | പി. എം. എ. വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 14000000 |
| 2. | പി. എം. എ. വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 19600000 |
| ആകെ | | 33600000 |
| ആകെ മൊത്തം | | 60,54,65,097 |

(ആകെ അറുപതു കോടി അൻപത്തിനാല് ലക്ഷത്തി അറുപത്തയ്യായിരത്തി തൊണ്ണൂറ്റി ഏഴു രൂപ മാത്രം)

അഴുത ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ് - 2024-25

വരവുകൾ

| വരവിനം | 2022-23 വർഷത്തെ യഥാർത്ഥ വരവുകൾ | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2023-24) | അടുത്ത വർഷത്തെ ബജറ്റ് |
|---|---|---|---|
| തനത് റവന്യൂ | | | |
| റവന്യൂ നികുതികൾ | ഇല്ല | ഇല്ല | ഇല്ല |
| ആകെ റവന്യൂ നികുതികൾ | | ഇല്ല | ഇല്ല |
| നികുതിയിതര റവന്യൂ | | | |
| ജനറൽ പർപ്പസ് ഫണ്ട് | | | |
| ജനറൽ പർപ്പസ് ഫണ്ട് (ഈ വർഷം ലഭിച്ചത്) | 6112000 | 6781660 | 7459826 |
| ജനറൽ പർപ്പസ് ഫണ്ട് (മുൻ ബാക്കി) | 5878896 | 6941758 | 7191271 |
| ആകെ ജനറൽ പർപ്പസ് ഫണ്ട് | 12190896 | 13723418 | 14651097 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 166960 | 139287 | 800000 |
| ടെണ്ടർ ഫോറങ്ങൾ വിൽപ്പന | 869877 | 165027 | 170000 |
| മറ്റ് ലെവി/ഫീസ് വരവുകൾ | 0 | 0 | 15000 |
| സെക്യൂരിറ്റി ഇ എം. ഡി | 0 | 0 | 100000 |
| പെനാൽറ്റി ഫീ | 88809 | 78074 | 86000 |
| ഗുണഭോക്തൃ വിഹിതം | 0 | 0 | 15000 |
| ബാങ്ക് അക്കൌണ്ടുകളിൽ നിന്നുള്ള പലിശ വരവ് | 684577 | 672672 | 700000 |
| ആകെ നികുതിയിതര റവന്യൂ | 1810223 | 1055060 | 1886000 |
| ആകെ ജനറൽ പർപ്പസ് ഫണ്ട് | 14001119 | 14778478 | 16537097 |
| വികസന ഫണ്ട് | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അടിസ്ഥാന വിഹിതം) | 8625438 | 9424320 | 8400000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(പ്രത്യേക ഉദ്ദേശ ഫണ്ട്) | 14078314 | 14136480 | 12612000 |
| ഡവലപ്മെന്റ് ഫണ്ട് ജനറൽ | 48711000 | 48711000 | 47961000 |
| ഡവലപ്മെന്റ് ഫണ്ട് എസ്.സി.പി | 32309334 | 36348000 | 36348000 |
| ഡവലപ്മെന്റ് ഫണ്ട് റ്റി.എസ്.പി | 2671000 | 2671000 | 2671000 |
| ആകെ | 106395086 | 111290800 | 108000000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ | | | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 16759000 | 11300000 | 16950000 |
| ശുചിത്വമിഷൻ | 0 | 970400 | 2500000 |
| കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽനിന്നുള്ള വരവ്) | 100000 | 100000 | 100000 |
| നബാർഡ് - ആർ. ഐ. ഡി. എഫ് | 0 | 0 | 0 |
| എം.പി, എം എൽ എ എസ് ഡി എഫ്/എ ഡി എഫ് | 939000 | 450000 | 40000000 |
| ആകെ | 17798000 | 12820400 | 59550000 |
| കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ | | | |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 250068000 | 342457000 | 363778000 |
| പി എം എ വൈ (കേന്ദ്രവിഹിതം) | 10608000 | 8568000 | 24000000 |
| രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 0 | 0 | 0 |
| പി. എം. കെ. എസ് വൈ | 0 | 0 | 0 |
| ആകെ | 260676000 | 351025000 | 387778000 |
| മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | | | |
| പി എം എ വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 2316000 | 1834000 | 19600000 |
| പി എം എ വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | 0 | 0 | 14000000 |
| ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ (BP Share) | 0 | 750000 | 675000 |
| ആകെ | 2316000 | 2584000 | [illegible] |
| ആകെ വരവുകൾ | 398870205 | 400684678 | [illegible] |

| ചെലവിനം | 2022-2023 വർഷത്തെ യഥാർത്ഥ ചെലവുകൾ | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2023-24) | 2024-25 വർഷത്തെ ബജറ്റ് |
|---|---|---|---|
| തനത് വരുമാനത്തിൽ നിന്നുള്ള നിർബന്ധിത ചെലവുകൾ | | | |
| എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | | | |
| ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം | 696093 | 1386698 | 1500000 |
| സ്ഥിരം ജീവനക്കാരുടെ യാത്രാപ്പടി | 6645 | 0 | 25000 |
| ദിവസ വേതനക്കാർക്കുള്ള യാത്രാപടി | 0 | 0 | 15000 |
| ദിവസ വേതനക്കാർക്കുള്ള ഉത്സവ ബത്ത | 4840 | 15840 | 20000 |
| സെക്രട്ടറിയുടെ ടെലിഫോൺ അലവൻസ് | 0 | 3288 | 4000 |
| പ്രസിഡന്റിന്റെ ഹോണറേറിയം | 181329 | 187200 | 210000 |
| പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 6000 | 6000 | 7000 |
| വൈസ് പ്രസിഡന്റിന്റെഹോണറേറിയം | 156000 | 156000 | 156000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഹോണറേറിയം | 352800 | 312800 | 500000 |
| മെമ്പർമാരുടെ ഹോണറേറിയം | 826278 | 868600 | 1000000 |
| വൈസ് പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 0 | 0 | 3000 |
| പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ് | 14750 | 14250 | 18000 |
| വൈസ് പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ് | 12250 | 11250 | 15000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സിറ്റിംഗ് അലവൻസ് | 32250 | 34700 | 40000 |
| മെമ്പർമാരുടെ സിറ്റിംഗ് അലവൻസ് | 68800 | 63000 | 150000 |
| പ്രസിഡന്റിന്റെ യാത്രപ്പടി | 0 | 20000 | 25000 |
| വൈസ് പ്രസിഡന്റിന്റെ യാത്രപ്പടി | 5180 | 6000 | 10000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ യാത്രപ്പടി | 0 | 5000 | 50000 |
| മെമ്പർമാരുടെ യാത്രപ്പടി | 21179 | 35000 | 100000 |
| ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 2384394 | 3125126 | 3848000 |
| ഭരണപരമായ ചെലവുകൾ | | | |
| കെട്ടിടനികുതി | 0 | 0 | 0 |
| ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് | 37665 | 38576 | 85000 |
| ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ചിലവുകൾ | 350000 | 415250 | 800000 |
| ഘടക സ്ഥാപനങ്ങളുടെ വാട്ടർ ചാർജ് | 22000 | 28000 | 350000 |
| മറ്റ് ഓഫീസ് ചിലവുകൾ | 750267 | 342461 | 1000000 |
| ഓഫീസിന്റെ ടെലിഫോൺ ചാർജ്ജ് | 12778 | 32000 | 75000 |

| | | | |
|---|---|---|---|
| കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ടെലിഫോൺ ചാർജ്ജ് | 68000 | 72000 | 100000 |
| പ്രസിദ്ധീകരണങ്ങൾ, ദിനപത്രങ്ങൾ, പുസ്തകങ്ങൾ | 8250 | 10000 | 12000 |
| പ്രിന്റിങ് ചിലവുകൾ | 36276 | 37000 | 50000 |
| സ്റ്റേഷനറി ചിലവുകൾ | 10744 | 22000 | 50000 |
| കേരളോത്സവം | 100000 | 100000 | 200000 |
| ഓഫീസ് വാഹനങ്ങളുടെ ഇൻഷുറൻസ് തുക | 29961 | 54854 | 40000 |
| ഓഡിറ്റ് ഫീസ് | 15000 | 20000 | 25000 |
| പത്ര പരസ്യം | 0 | 0 | 10000 |
| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന | 0 | 0 | 0 |
| മറ്റ് ഭരണപരമായ ചെലവുകൾ | 0 | 0 | 300000 |
| ഐ എസ്.ഓ സർട്ടിഫിക്കേഷൻ | 0 | 0 | 1000000 |
| പ്രസിഡൻടിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ് | 268649 | 271000 | 350000 |
| ഓഫീസ് വാഹനത്തിന്റെ ഇന്ധന ചെലവ് | 258861 | 260853 | 300000 |
| ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുത്തതിന്റെ ചിലവ് | 543073 | 92000 | 200000 |
| വാഹനങ്ങളുടെ റിപ്പയർ, മെയിന്റനൻസ് ചെലവുകൾ | 191632 | 130320 | 250000 |
| തേയ്മാന നഷ്ടം | 0 | 0 | 0 |
| ഇലക്ഷൻ അനുബന്ധ ചെലവ് | 0 | 0 | 0 |
| ഓഫീസ് ഉപകരണങ്ങളുടെ റിപ്പയർ ചിലവ് | 67445 | 868504 | 150000 |
| ആകെ ഭരണപരമായ ചെലവുകൾ | 2770601 | 2794818 | 5347000 |
| ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകൾ | | | |
| പദ്ധതി ചെലവുകൾ | 1725388 | 3575659 | 3000000 |
| ഗുണഭോക്തൃവിഹിതം | 0 | 0 | 100000 |
| സെക്യൂരിറ്റി/ഇ. എഫ്. ഡി | 0 | 0 | 500000 |
| ആകെ | 1725388 | 3575659 | 3600000 |
| ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ആകെ ചെലവുകൾ | 6880383 | 9495603 | 12795000 |
| വികസന ഫണ്ട് | | | |
| വികസന ഫണ്ട് (ജനറൽ) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 6944607 | 11033871 | 12000000 |
| സേവന മേഖല പദ്ധതികൾ | 24788398 | 28173201 | 26461000 |
| പശ്ചാത്തല മേഖല പദ്ധതികൾ | 3624285 | 5126841 | 9500000 |
| വികസന ഫണ്ട് (പട്ടികജാതി വിഭാഗം ) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 2277525 | 5834704 | 6448000 |
| സേവന മേഖല പദ്ധതികൾ | 16752347 | 18963067 | 19000000 |
| പശ്ചാത്തല മേഖല പദ്ധതികൾ | 5679436 | 8775931 | 10900000 |
| വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം ) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 94582 | 0 | 371000 |

| | | | |
|---|---|---|---|
| സേവന മേഖല പദ്ധതികൾ | 1217289 | 1371000 | 1500000 |
| പശ്ചാത്തല മേഖല പദ്ധതികൾ | 703300 | 800000 | 800000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് [ അടിസ്ഥാന ഗ്രാന്റ് ] | 5952507 | 9530400 | 8408000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് [ പ്രത്യേക ഉദ്ദേശ ഗ്രാന്റ് ] | 16903701 | 14295600 | 12612000 |
| ആകെ | 84937977 | 103904695 | 108000000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ | | | |
| മെയ്ന്റനൻസ് - റോഡിതര ആസ്തികൾ | 9425376 | 16950000 | 16950000 |
| ശുചിത്വമിഷൻ | 0 | 970400 | 2500000 |
| കേന്ദ്ര - സംസ്ഥാന പരിശീലന പരിപാടികൾ | 0 | 0 | 0 |
| കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽ നിന്നുള്ള വിഹിതം ) | 100000 | 100000 | 100000 |
| നബാർഡ് - ആർ. ഐ. ഡി. എഫ് | 0 | 0 | 0 |
| എം.പി. എം.എൽഎ എസ് ഡി എഫ് | 939000 | 450000 | 40000000 |
| ആകെ | 10464376 | 18470400 | 59550000 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 250068000 | 314127000 | 363778000 |
| പി.എം.എ വൈ (കേന്ദ്രവിഹിതം) | 10608000 | 8568000 | 24000000 |
| രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 0 | 0 | 0 |
| പി. എം. കെ. എസ്. വൈ | | | |
| ആകെ | 200676000 | 322695000 | 387778000 |
| മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | | | |
| പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 2316000 | 1834000 | 19600000 |
| പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | 0 | 0 | 14000000 |
| ആകെ | 2316000 | 1834000 | 33600000 |
| ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | 0 | 725000 | 625000 |
| ആകെ ചെലവുകൾ | 365274736 | 457124698 | 602348000 |
| നീക്കിയിരിപ്പ് | 33595469 | 33539980 | 3117097 |